# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **13.12.2012 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1103**

## അപ്ഗ്രേഡ് ചെയ്ത എൽ.പി., യു.പി. സ്ക്കൂളുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അപ്ഗ്രേഡു ചെയ്ത എൽ.പി.,യു.പി. സ്ക്കൂളുകൾ എത്ര വീതം, അവ ഏതെല്ലാം; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാലക്കാട് ജില്ലയിലെ മുതുമല വിവേകോദയം എ.എൽ.പി. സ്ക്കൂൾ ബഹു. ഹൈക്കോടതി വിധി പ്രകാരം 18.05.2012 - ലെ സ.ഉ.(കൈ.)155/12/പൊ.വി. പ്രകാരം യു.പി. സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. കൂടാതെ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പദ്ധതി പ്രകാരം പാലക്കാട്, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 60 യു.പി. സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളുകളാക്കി 2011-12 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 36 യു.പി. സ്ക്കൂളുകൾ ഹൈസ്ക്കൂളുകളായി ഈ വർഷം അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. |
| (ബി) എത്ര ഹൈസ്ക്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിച്ചു; അവയുടെ പട്ടിക വെളിപ്പെടുത്തുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 5 ഹയർ സെക്കന്ററി സ്ക്കൂളുകളിൽ ഹയർ സെക്കന്ററി അനുവദിച്ചു. അവ ഇപ്രകാരമാണ്. |

1. എ.കെ.എം.എച്ച്.എസ്.എസ്., കോട്ടൂർ, മലപ്പുറം
2. കെ.പി.എസ്.എം.എം.വി.എച്ച്. എസ്.എസ് & എച്ച്.എസ്സ്.എസ്., വരോട്, പാലക്കാട്
3. ലിറ്റിൽ ഫ്ളവർ കോൺവെന്റ് എച്ച്.എസ്.എസ്., തൃശ്ശൂർ
4. ഇസ്ലാമിക് വൊക്കേഷണൽ എച്ച്.എസ്.എസ്. & എച്ച്.എസ്. എസ്., ഒരുമനയൂർ, തൃശ്ശൂർ
5. മഹാത്മ എച്ച്.എസ്.എസ്സ് ഫോർ ബോയ്സ്, ചെന്നിത്തല, ആലപ്പുഴ.

(സി) എൽ.പി. സ്ക്കൂൾ യു.പി. സ്ക്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളു. ഒന്നു മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഒരു കിലോ മീറ്റർ ചുറ്റളവിലും ആറു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 3 കിലോ മീറ്റർ ചുറ്റളവിനുള്ളിലും ഒരു വിദ്യാലയം വേണമെന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യം (Educational need) വിലയിരുത്തിയ ശേഷം മാത്രമേ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കാനാവുകയുള്ളു.

Sd/

സെക്ഷൻ ഓഫീസർ